# കടവാരം പുറമ്പോക്ക് ഭൂമിയിലെ വെള്ളപ്പൊക്ക ആഘാത പഠനം

## ആമുഖം

'തൊണ്ണൂറ്റി' ഒൻപതിലെ വെള്ളപ്പൊക്കമാണ് മലയാളി വിളിച്ച 1924 ജൂലൈയിലെ വെള്ളപ്പൊക്കത്തിന് ശേഷം മലയാളി കണ്ട ഏറ്റവും വലിയ വിപത്താണ് 2018 ഓഗസ്റ്റ് 15 മുതൽ 19 വരെ നീണ്ടുനിന്ന പ്രളയം. രണ്ടാഴ്ചയോളം നീണ്ടുനിന്ന കനത്തമഴ ആദ്യഘട്ടത്തിൽ മലപ്പുറത്തും കോഴിക്കോടും പിന്നീട് പത്തനംതിട്ട, ഇടുക്കി തൃശ്ശൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് വ്യാപിച്ച മഴ കേരളത്തിലാകെ 341 ജീവഹാനിയുൾപ്പെടെ നിരവധി നീശനഷ്ടങ്ങൾ സൃഷ്ടിച്ചു. പ്രളയത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിലാണ് തെക്ക് - വടക്ക് കേരളത്തിലേക്ക് മഴ വ്യാപിച്ചത്. സംസ്ഥാനത്തുടനീളം റെഡ് അലർട്ട് പ്രഖ്യാപിച്ചപ്പോൾ മിക്ക പ്രദേശങ്ങളും വെള്ളത്തിലാണ്ടു. പ്രളയത്തിന്റെ കാഠിന്യം വൈകിയാണ് തൃശൂരിലെത്തിയതെങ്കിലും അത് തൃശൂനിലെ പുതുക്കാട്, ചാലക്കുടി, കുറാഞ്ചേരി, ചേർപ്പ്, രാപ്പാൾ, പള്ളം, പുള്ള്, ഇരിങ്ങാലക്കുട എന്നീ പ്രദേശങ്ങളിലെല്ലാം വൻതോതിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കി. നാലു ദിവസം തുടർച്ചയായുണ്ടായ കനത്തമഴയും അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതും പ്രധാന പുഴകളിൽ ഉണ്ടായ കനത്തക്കാറ്റും. തൃശൂനിനെ ദുരന്തമുഖത്തെത്തിച്ചു. ചാലക്കുടിപ്പുഴ, കുറുമാലിപ്പുഴ, കരുവന്നൂർ പുഴ തുടങ്ങിയവയുടെ ഗതിമാറ്റം ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. ഒറ്റരാത്രി കൊണ്ട് ജനവാസകേന്ദ്രങ്ങളിൽ ക്രമാതീതമായി ജലനിരപ്പ് ഉയർന്നത് ജനങ്ങൾക്കിടയിൽ പുനരധിവാസത്തിലും ക്ലേശങ്ങൾ സൃഷ്ടിച്ചു.

തൃശൂരിലെ 'ചണ്ടിപ്പുലി' കോൾപ്പാടത്തിന്റെ സമീപത്തുള്ള കുളത്തിലെ ജലനിരപ്പ് അപ്രതീക്ഷിതമായി ഉയർന്നതും അത് പിന്നീട് കരയെ കവർന്നതും കടവാരം മുങ്ങാനിടയാക്കിയെന്നത് ജോൺ മത്തായി സെന്റർ ഗവേഷണകേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനോടനുബന്ധമായി ഗവേഷണ കേന്ദ്രത്തിലെ ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന സംഘം സ്ഥാപന മേധാവിയുടെ നിർദ്ദേശപ്രകാരം ആഗസ്റ്റ് 31 വെള്ളിയാഴ്ച അവിടെ സന്ദർശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഉള്ള കണ്ടെത്തലുകളും നിഗമനങ്ങളുമാണ് ഈ റിപ്പോർട്ടിന്റെ ആധാരം.

## ചോദ്യാവലിയുടെ പ്രത്യേകത

തയ്യാറാക്കിയ ചോദ്യാവലിയുടെ സഹായത്തോടെ കടവാര നിവാസികളുടെ വീടുൾപ്പെടെയുള്ള വസ്തുവകകളുടെ മൂല്യം കണക്കാക്കി നിലവിൽ അവർ നേരിടുന്ന ജീവിത പ്രശ്നങ്ങളിലേക്കും ചോദ്യാവലി വിരൽ ചൂണ്ടി.

## പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത.

സമുദ്ര നിരപ്പിനേക്കാൾ താഴ്ന്നതും കോൾപ്പാടങ്ങളാൽ ചുറ്റപ്പെട്ടതുമായ ഒരു തുരുത്താണ് അരണാട്ടുകര എന്ന പ്രദേശം. ആകാശകാഴ്ചയിൽ തികച്ചും ഒരു കൊച്ചു ദ്വീപിന്റെ പ്രതീതി ഉളവാക്കുന്നു. പടിഞ്ഞാറ് ജോൺ മത്തായി ഗവേഷണ കേന്ദ്രവും വടക്ക് കിഴക്ക് അരണാട്ടുകര പള്ളിയും തെക്കു പടിഞ്ഞാറ് മണിനാടൻ കോൾപ്പാടവും, തെക്കു കിഴക്ക് കുളവുമായി അതിർത്തി പങ്കിടുന്ന ഒരു പുറമ്പോക്ക് പ്രദേശമാണ് കടവാരം. ചരിത്രത്തിലേക്ക് പിന്തിരിഞ്ഞു നോക്കിയാൽ 'അറനാട്' എന്ന് അറിയപ്പെടുന്നതും കച്ചവട പ്രാധാന്യമർഹിക്കുന്ന ചരക്കു കൈമാറ്റ കേന്ദ്രം കൂടിയാണിവിടം. ബോട്ടുമാർഗ്ഗം യാത്ര സൗകര്യമുള്ള കനാലുകളുണ്ടായിരുന്ന പ്രദേശമായിരുന്നെങ്കിലും കാലാന്തരത്തിൽ അത് അന്യം നിന്നു പോയെന്നുമാണ് പ്രദേശവാസികളിൽ നിന്നും അറിയാൻ സാധിച്ചത്. അരണാട്ടുകരയെയും കാര്യാട്ടുകരയേയും ബന്ധിപ്പിക്കുന്ന 100 മീറ്റർ ദൂരമുള്ള പ്രാദേശിക പാതയ്ക്ക് ഇരുവശത്തുമായാണ് പുറമ്പോക്ക് ഭൂമിയിലെ 14 വീടുകൾ. സമീപത്തായി ഏകദേശം നൂറ്റാണ്ടോളം പഴക്കം ഉള്ള കടവാരം കുളം സ്ഥിതി ചെയ്യുന്നു. കുടിവെള്ളത്തിനൊഴികെ മറ്റെല്ലാ നിത്യോപയോഗ ആവശ്യങ്ങൾക്കുമായി അവർ ഈ കുളത്തെയാണ് ആശ്രയിക്കുന്നത്. കുളത്തിലെ സമീപത്തായി ചണ്ടിപ്പുലി കോൾപ്പാടം സ്ഥിതി ചെയ്യുന്നു. ഈ രണ്ട് സ്രോതസുകളിലൂടെയാണ് ഈ പ്രദേശത്തേക്ക് വെള്ളം കയറിയത്. വടക്ക് 10' 30' 28' ഉം കിഴക്ക് 76' 11' 38' മായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശം തൃശൂർ കോർപ്പറേഷന്റെ 50-ാം വാർഡിൽ ഉൾപ്പെടുന്നു.

## വീടിന്റെ പ്രത്യേകത

കടവാരം മേഖലയിലെ ആകെ വരുന്ന 14 വീടുകളിൽ 2 വീടുകൾ പൂർണ്ണമായും 12 വീടുകൾ ഭാഗികമായും തകർന്നു. ഭൂരിഭാഗം വീടുകളും ചെങ്കല്ലിന്റെ തറകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ചുമരുകൾക്കായി മട്ടിക്കല്ല് ഉപയോഗിച്ചിരി

ക്കുന്നു. ഷീറ്റ്, ഓട്, കോൺക്രീറ്റ് തുടങ്ങിയ മേൽക്കൂരകളാണ് കാണാനായത്. വീടിന്റെ ഉടമസ്ഥത എല്ലാവർക്കും സ്വന്തമാണെങ്കിലും ഭൂമിക്ക് പട്ടയമോ കൈവശാകാശ രേഖയോ ഇല്ല. ആയതിനാൽ ഈ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നു. 14 വീടുകളിൽ ഒരു കോൺക്രീറ്റ് വീടൊഴിച്ചാൽ ബാക്കിവരുന്നവയെല്ലാം തീരെ കെട്ടുറപ്പില്ലാത്തതാണ്. ശരാശരി രണ്ട് മുറികളും അടുക്കളയും അടങ്ങുന്ന ഈ വീടുകളിൽ ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 4 ആണ്. രണ്ട് വീടൊഴികെ മറ്റെല്ലാ വീടുകളും കൃത്യമായി വേർതിരിക്കപ്പെട്ടിട്ടില്ല. മിക്ക വീടുകൾക്കും പൊതുവായി ഉള്ള ചുമരുകളാണ് കാണാൻ സാധിച്ചത്. പല വീടുകൾക്കും മുറികൾ വേർതിരിച്ചത് പ്ലൈവുഡുകൾ വെച്ചാണ്. ചുമരുകൾ മണ്ണ് കൊണ്ട് തേച്ചതും ഭാഗികമായി പെയിന്റ് പൂശിയതുമാണ്. മിക്ക വീടുകളും ആദ്യ നിർമ്മാണത്തിനു ശേഷം കൂടുതലായി പുനഃപ്രവർത്തനങ്ങളൊന്നും ചെയ്തിട്ടില്ല. തികച്ചും റോഡിനേയും ചേർന്നാണ് വീട് സ്ഥിതി ചെയ്യുന്നത് എന്നുള്ളതിനാൽ മുറ്റം റോഡ് ആണ്.

## ജനസംഖ്യ

ആകെ 51 അംഗങ്ങളുള്ള കടവാരം മേഖലയിൽ 26 പേർ സ്ത്രീകളും 25 പേർ പുരുഷന്മാരുമാണ്. ഇതിൽ 8 പേർ കുട്ടികളാണ്. 100 ന് താഴെ 14 വീടുകൾ നിലകൊള്ളുന്നതിനാൽ ജനസാന്ദ്രത വളരെ കൂടുതലാണ്. ഇവർക്കിടയിൽ അണുകുടുംബമാണ് നിലനിൽക്കുന്നത്.

## തൊഴിൽ

സ്ത്രീകളിൽ 6 സ്ത്രീകൾ മാത്രമാണ് ജോലിക്ക് പോകുന്നത്. ടൈലറിംഗ്, നഴ്സിംഗ് അസിസ്റ്റന്റ്, ഷോപ്പ് കീപ്പർ സെയിൽസ് ഗേൾ, ഹെൽപ്പിംഗ് വർക്ക് എന്നിവയാണ് പ്രധാന ജോലികൾ. പുരുഷന്മാരിൽ 13 പേർ ജോലിക്ക് പോകുന്നു. ഡ്രൈവർ, പെയിന്റിംഗ്, കെട്ടിട നിർമ്മാണം, യൂണിയൻ വർക്ക് തുടങ്ങിയവയാണ് പ്രധാന തൊഴിൽ. പുരുഷന്മാരുടെയും, സ്ത്രീകളുടെയും വിദ്യാഭ്യാസ നിലവാരം കുറഞ്ഞതാകാം മറ്റു ഉന്നത ജോലികളിലേക്കുള്ള വൈദഗ്ധ്യം ഇവർക്ക് നിഷേധിക്കപ്പെട്ടത്.

## വിദ്യാഭ്യാസം

3 ഗൃഹനാഥൻമാരൊഴികെ ആരും തന്നെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ല. സ്ത്രീകളിൽ എല്ലാവരും പ്രാഥമിക വിദ്യാഭ്യാസം പൂർത്തി

യാക്കിയവരാണ്. നിലവിൽ അവരുടെ സാമ്പത്തിക വിദ്യാഭ്യാസ സ്ഥിതി ശോചനീയമാണെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അല്പം മുൻതൂക്കം നൽകുന്നുണ്ട്. മികച്ച ജീവിത നിലവാരത്തിന്റ പ്രത്യാശയാവാം ഇത്. SSLC കഴിഞ്ഞ് കുട്ടികളെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകാനാണ് ഇവർ ആഗ്രഹിക്കുന്നത് എന്ന് ഇവരുടെ സംസാരത്തിൽ നിന്നും വ്യക്തമായി. ടൈലറിംഗ്, ഫാഷൻ ഡിസൈനിംഗ് എന്നീ മേഖലയിലേക്കും പത്താം ക്ലാസ് പൂർത്തിയാക്കിയവർ നീങ്ങുന്നുണ്ട്. വിദ്യാഭ്യാസം ജനങ്ങളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കാൻ സഹായിക്കുമെങ്കിലും ഇവരുടെ ആദ്യ തലമുറകൾക്കൊന്നും വിദ്യാഭ്യാസം ആർജിക്കാൻ കഴിയാത്തത് ഇവരുടെ പുതിയ തലമുറയുടെയും നിലവാരം കുറച്ചു. പുത്തൻ തലമുറയെ വിദ്യാഭ്യാസത്തിന്റെ നാമ്പുകൾ സ്പർശിക്കാൻ അവർ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും ഇവരുടെ സാമൂഹിക നിലവാരം എന്നത് ഒരു ചോദ്യചിഹ്നം പോലെയായി മാറുന്നു.

**സാംസ്കാരിക :-**

തലസ്ഥാനത്ത് ഇത്രയുമധികം സാമൂഹിക നിലവാരം കുറഞ്ഞവരും കാണുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

## സാമൂഹിക ജീവിതം

50 വർഷക്കാലമായി കൈമാറി വന്ന വീടുകളിൽ അണുകുടുംബമായാണ് ഇവർ താമസിക്കുന്നത്. ആദ്യ കാലങ്ങളിൽ ശൗചാലയങ്ങൾ ഇവർക്ക് ലഭ്യമല്ലായിരുന്നു. എന്നാൽ ഇപ്പോൾ രണ്ട് വിടൊഴികെ എല്ലാവർക്കും സ്വന്തമായി ശൗചാലയങ്ങളുണ്ട്. എന്നാൽ നിലനിൽക്കുന്ന ശൗചാലയങ്ങൾ വളരെ വൃത്തിഹീനമായ നിലയിലാണ് കാണാനിടയായത്. ഇടുങ്ങിയതും വൃത്തി ഹീനവുമായ ഇന്നും ശൗചാലയങ്ങൾ ഇവർക്കിടയിൽ രോഗ പകർച്ചക്കും മറ്റും കാരണമാകുമെന്ന് ഒറ്റ കാഴ്ചയിൽ തന്നെ നമുക്ക് ബോധ്യമാകും. 14 വീടുകളിൽ 2 വീടുകൾക്ക് ശൗച്യാലയ സൗകര്യമില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്.

കുടിവെള്ളത്തിനായി ഇവർ കോർപ്പറേഷൻ പൈപ്പ് ലൈനിനെയാണ് ആശ്രയിക്കുന്നത്. ചിലപ്പോൾ വെള്ളം കിട്ടാൻ ദിവസങ്ങളോളം വൈകാറുണ്ടെന്ന് പറയുന്നു. നിലവിൽ കുടിവെള്ള സംവിധാനം തകരാറിലായി. ചില സന്നദ്ധ സംഘടനകൾ വിതരണം ചെയ്യുന്ന കുടിവെള്ളമാണ് ഇവർ ഉപയോഗിക്കുന്നത്. കുളി

ക്കാനായി സമീപത്തുള്ള കുളത്തെയാണ് ഇവർ ആശ്രയിക്കുന്നത്. തൊട്ടടുത്ത് ഒരു അംഗൻവാടിയുള്ളത് വലിയ ആശ്വാസമായി നമുക്ക് കരുതാം. എന്നാൽ ആരോഗ്യമുൻകരുതലുകളെ കുറിച്ച് ഇവർ ബോധവാന്മാരല്ല എന്നാണ് മനസിലാക്കാൻ സാധിച്ചത്. 0-5 വയസ്സുവരെയുള്ള കുഞ്ഞുങ്ങളെ സമീപത്തുള്ള അംഗൻവാടിയിലാണ് അവർ ചേർക്കുന്നത്. ഒന്നിനോടൊന്നായി ചേർന്നുകിടക്കുന്ന വീടുകൽ വളരെ പ്രയാസം നേരിടുന്നു എങ്കിലും ഞങ്ങളിവിടെ സതൃപ്തരാണ്. എന്നും മാറി താമസിക്കാൻ തയ്യാറല്ല എന്നും അവർ ഞങ്ങളെ ബോധ്യപ്പെടുത്തി. കുറച്ചധികം അകലെയായി ഇവർക്കെല്ലാവർക്കുമായി ഗവൺമെന്റ് ഫ്ളാറ്റ് കെട്ടിക്കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തതായി ഇവരുടെ സംസാരത്തിൽ നിന്നും മനസിലായി. പക്ഷെ ഈ അവസ്ഥയിൽ ഇവിടെ നിന്നും മാറാൻ ഇവർക്കാകുന്നില്ല എന്നും അതിന് ചില കാരണങ്ങളും ഇവരിൽ നിന്നും അറിയാൻ കഴിഞ്ഞു. നിലവിലെ സ്ഥിതിയേക്കാൾ ഞങ്ങൾ മുഖ്യധാരയിൽ നിന്നും പിന്നോട്ടുപോകുമോ എന്ന് ഇവർ വളരെയധികം ആകുലപ്പെടുന്നുണ്ട്. മേൽ പറഞ്ഞ ഫ്ളാറ്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുനിന്നും അത്യാവശ്യ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാകുന്നതിന് കിലോമീറ്ററുകളോളം സഞ്ചരിച്ചുവേണം എത്താൻ. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസവും അവതാളത്തിലാകുമെന്നും ഇവർ ഭയക്കുന്നു. ഒന്നുകിൽ ഇവിടെത്തന്നെ തുടരുക, അല്ലെങ്കിൽ കുറച്ചുകൂടെ ജനവാസയോഗ്യമായ സ്ഥലത്തേക്ക് സുരക്ഷിതമായി അവരെ മാറ്റിപ്പാർപ്പിക്കുക എന്നീ വളരെ ലളിതമായ ചില നിബന്ധനകളാണ് ഇവർ മുന്നോട്ടുവെക്കുന്നത്.

## പ്രളയം കടവാരത്തിന് സമ്മാനിച്ചത്

നീണ്ടുനിൽക്കുന്ന മഴയിൽ എപ്പോൾ വേണമെങ്കിലും വെള്ളം കേറാം എന്ന സ്ഥിതിയിലായിരുന്നു കടവാരം. ഇത്തരം ജാഗ്രത നിർദ്ദേശം മുൻകൂട്ടി ഇവർ അറിയാത്തത് കാരണം വെള്ളം കയറിയതും അവിടെത്തെ വീടുകൾ മുങ്ങിയതും ഇവർക്ക് തീർത്തും അപ്രതീക്ഷിതമായിരുന്നു. ഒരു ഭാഗം കോൾപ്പാടത്തിനാലും കുളത്താലും ചുറ്റപ്പെട്ട കടവാരത്ത് പ്രളയത്തിന്റെ ആഘാതം കുറച്ചധികമായിരുന്നു എന്നു തന്നെ പറയാം. മിക്ക വീടുകളിലും അപ്രതീക്ഷിതമായി രാത്രിയിലാണ് വെള്ളം കയറിയതെന്നും എങ്ങോട്ട് പോകണം എന്നറിയാതെ വെമ്പൽകൊണ്ടു എന്നും അവർ പറയുകയുണ്ടായി. മൂന്നു മീറ്ററിന് താഴെ ഉയര

മുള്ള ഇത്തരം വീടുകളെ പ്രളയത്തിന് വിഴുങ്ങാൻ അത്ര സമയമൊന്നും വേണ്ട എന്ന കാര്യം ഇവരുടെ ചിന്തക്കപ്പുറത്താണ്. ശരാശരി രണ്ടു മുതൽ 2.5 സെന്റ് ഭൂമിയിൽ 250 - 300 ചതുരശ്ര അടിയിലാണ് വീട് നിൽക്കുന്നത്. ഏകദേശം ഒന്നര ആൾപൊക്കമാണ് വീടുകൾക്ക്. ഈ വീടുകളിൽ രണ്ടര മീറ്റർ പൊക്കത്തിൽ 4 ദിവസത്തോളം വെള്ളം തങ്ങി നിന്നു. രാത്രിയിലാണ് വെള്ളം കയറിയത് എന്നതിനാൽ നാശനഷ്ടത്തിന്റെ തോത് കൂടുതലാണ്. വീട് പൂർണമായും നശിക്കൽ, വീട് വിള്ളൽ, തറ ഇരിക്കൽ, തറക്കടിയിൽ നിന്നും മണ്ണ് ഒലിച്ചു പോകൽ, ചുമർ വിള്ളൽ തുടങ്ങിയവ ഈ പതിനാലു വീടുകളിലും ഞങ്ങൾക്ക് ദർശിക്കാനായി ഇത്തരമൊരു വീട് പുനർനിർമ്മിക്കുക എന്നത് തികച്ചും കഠിനമാണ്. ഇതിൽ തന്നെ രണ്ട് വീടുകൾ പൂർണമായും നശിച്ചിരുന്നു. ഇവിടെയൊന്നും ആളുകൾ ക്യാപിൽ നിന്നും തിരിച്ചെത്തിയിട്ടുണ്ടായിരുന്നില്ല. തിരിച്ചെത്തിയാൽ താമസിക്കാൻ വീടില്ല എന്നതാകാം അവരെ ക്യാപുകളിൽ തന്നെ തങ്ങാൻ പ്രേരിപ്പിച്ചത്. തുടക്കത്തിൽ സമീപത്തെ ദുരിതാശ്വാസ ക്യാപായ തരകൻസ് സ്കൂളിലും പിന്നീട് വീട് ഭാഗികമായി നശിച്ചവർ ബന്ധുക്കളുടേയും മറ്റും വീട്ടിൽ തങ്ങി എന്നാണ് ഇവർ പറയുന്നത്. എന്നാൽ പൂർണമായും തകർന്ന വീടുകളുടെ പുനർനിർമ്മാണമോ പുനരധിവാസമോ ഞങ്ങളവിടെ സന്ദർശിച്ചപ്പോൾ കാണാനായില്ല. ഇനി ഇവരുടെ തിരിച്ചുവരവ് കടവാരത്തെ ഇവരുടെ താമസം തുടരാൻ കഴിയുമോ എന്നത് സംശയാസ്പദമാണ്. ഭാഗികമായി നശിച്ച പല വീടുകളിലും ഇവർ ഇപ്പോഴും താമസിക്കുന്നുണ്ട്. ചുമർ വിണ്ട വീടുകളിൽ താമസിക്കുന്നത് അത്ര സുരക്ഷിതമല്ല എന്നത് തങ്ങൾക്കറിയാമെങ്കിലും മറ്റെവിടെപോകും എന്നത് ഇവർക്ക് വലിയൊരു പ്രശ്നമായി മാറുന്നു. മട്ടിക്കല്ലുകൊണ്ടും ചുടാത്ത കല്ലുകൊണ്ടും ഉണ്ടാക്കിയ ഇത്തരം വീടുകൾക്ക് എത്രത്തോളം പ്രളയത്തെ ഏറ്റുവാങ്ങാൻ കഴിയും എന്നത് നമുക്ക് ആലോചിക്കാവുന്നതാണ്. എങ്കിലും ഇത്തരം ശോചനീയമായ വീടുകളിൽ ഇവർ തമാസിക്കാൻ നിർബന്ധിതരാകുന്നു എന്നത് ഞങ്ങളിൽ സങ്കടമുളവാക്കി. നമുക്കൊന്നും ഇവർക്കുവേണ്ടി ചെയ്യാൻ കഴിയുന്നില്ലല്ലോ എന്ന സങ്കടവും ഞങ്ങളിലുണർത്തി സങ്കടത്തിലുപരി ചിന്തയാണുയരേണ്ടത് എന്ന വാസ്തവം മനസിലായി. സാക്ഷര-വികസിത കേരളത്തിന്റെ മറ്റൊരു മുഖത്തിന്റെ ചെറിയൊരു കാഴ്ചയാണ് ഇതെന്നുവേണം മനസിലാക്കാൻ. സാമൂഹിക സൂചികകളിൽ മുന്നിൽ നിൽക്കുന്ന കേരള സംസ്ഥാനത്ത് അഴയുടെയൊന്നും ഗുണങ്ങൾ തൊട്ടുതീണ്ടാത്ത

ഇത്തരം ജനങ്ങളും ഇവിടെ ജീവിച്ചുപോരുന്നു എന്നത് മനസിലാക്കാൻ ഒരു പ്രളയം കാരണമായി.

## ഗവൺമെന്റിന്റെ ഇടപെടൽ

പ്രളയത്തോടനുബന്ധിച്ച് കളക്ടർ നേരിട്ട് സന്ദർശിച്ചിരുന്നു. ഗവൺമെന്റിന്റെ ഇടപെടൽ ഇവിടെ നടന്നിട്ടുണ്ടോ എന്നറിയാനായി ഞങ്ങൽ ശ്രമിച്ചു. ദുരിതാശ്വാസ ക്യാപിൽ നിന്നും അവശ്യ സാധനങ്ങളുടെ കിറ്റ് ലഭ്യമായിട്ടുണ്ടെന്നും അത് തികച്ചും സംതൃപ്തപരമാണെന്നും അവർ വ്യക്തമാക്കി. എന്നാൽ ഇതിനപ്പുറം മറ്റൊരുവിധ ഗവൺമെന്റ് സഹായവും ഇവർക്ക് ലഭ്യമായിട്ടില്ല എന്നറിയാൻ കഴിഞ്ഞു. വീടു നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ സഹായധനത്തിൽ ഇവർ അർഹരായിട്ടില്ല എന്നും ഇവർ അതിന് ശ്രമിക്കാത്തത് ഒരു പക്ഷേ പുറമ്പോക്ക് ഭൂമിയിൽ വീട് നിർമ്മിക്കാനുള്ള അനുമതി നിഷേധിക്കുമോ എന്നു ഭീതിയും ഇവർക്കുണ്ട്. പ്രളയത്തെ സംബന്ധിച്ച് കളക്ടർ അവരെ വിളിപ്പിച്ചിട്ടുണ്ടെന്നും പുനഃരധിവാസം സംസാര വിഷയമാക്കാൻ ആഗ്രഹിക്കുന്നു എന്ന് അവരുടെ സംസാരത്തിൽ നിന്നും മനസിലായി.

## സാമ്പത്തിക സ്ഥിതി : വരുമാനം, ഉപഭോഗം, സമ്പാദ്യം, കടം

വീട് നിർമ്മാണത്തിനായി ലോൺ, മറ്റു കടബാധ്യതകളോ ഒന്നും തന്നെ ഇല്ല എന്നും അന്നന്നുള്ള ഉപഭോഗത്തിന് ആവശ്യമായ വരുമാനം മാത്രമേ ലഭിക്കാറുള്ളൂ എന്നും അവർ വിശദീകരിച്ചു. വരുമാനവും ഉപഭോഗവും തട്ടിച്ചുനോക്കിയാൽ കാര്യമായ സമ്പാദ്യമൊന്നും ഇവർക്കില്ല എന്നും പലർക്കും ബാങ്കിൽ അക്കൗണ്ട് പോലും ഇല്ല എന്നും തിരിച്ചറിയാൻ കഴിഞ്ഞു. നിലവിലെ വരുമാനത്തിൽ നിന്നും മിച്ചം വരുന്ന കുറച്ച് പണം ഉപയോഗിച്ചാണ് വീടിലേക്കുള്ള ഉപഭോഗവസ്തുക്കൾ വാങ്ങിയത് എന്ന് അവർ വെളിപ്പെടുത്തി. നിലവിൽ ഉപഭോഗത്തിനായി കൂലിപ്പണിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ വർഷത്തിൽ ഏറെ ദിവസങ്ങളിലും അവർക്ക് ജോലി ലഭിക്കാറില്ലെന്നും ആ സമയത്ത് പലിശക്ക് പണം എടുക്കാറുണ്ടെന്നും അവർ വിശദമാക്കി. ഇവരിൽ ഒരാൾ മത്സ്യത്തൊഴിലാളികളായതിനാൽ ജോലി പലപ്പോഴും സീസണൽ ആണെന്നുള്ളതാണ് യാതാർത്ഥ്യം. പല ഉപഭോഗ വസ്തുക്കളും ഇൻസ്റ്റാൾമെന്റിലാണ് വാങ്ങിയതെങ്കിലും വർഷങ്ങളായി വലിയ സാമ്പത്തിക ബാധ്യതകളാൽ

അതെല്ലാം പൂർത്തിയാക്കിയിട്ടുണ്ട് എന്നവർ വെളിപ്പെടുത്തുന്നു. എന്നാൽ ചെറിയ വിഭാഗം ആളുകൾക്ക് ഉപഭോഗ വസ്തുക്കൾ വാങ്ങിയതുമായി സംബന്ധിക്കുന്ന കടം നിലനിൽക്കുന്നുണ്ടെങ്കിലും അത് അടച്ച് തീർക്കാനാവുമെന്ന് അവർ പറയുന്നു. മിക്ക ആളുകളും BPL (പിങ്ക് കാർഡ്) വിഭാഗത്തിൽപ്പെടുന്നു.

## മതം

ഭൂരിഭാഗം (90%) ക്രിസ്ത്യൻ വിഭാഗവും 10% ഹിന്ദു – മുസ്ലീം വിഭാഗത്തിൽപ്പെട്ടവരാണ് ഇവർ. 50 വർഷം മുമ്പ് കുടിയേറി പാർത്ത ഇവർ തമ്മിൽ രക്തബന്ധങ്ങളൊന്നുമില്ലെന്ന് വെളിപ്പെടുത്തി. ക്രിസ്ത്യൻ മതത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഇവർക്ക് യാതൊരു വിധ ഗവൺമെന്റ് സഹായങ്ങളും ലഭിക്കുന്നില്ല. എന്നാൽ ഇവരുടെ നിലവിലെ സ്ഥിതിയും മത വിഭാഗത്തിന്റെ തരംതിരിവും ഇവരെ ഗവൺമെന്റ് ആനുകൂല്യത്തിൽ നിന്നും പിൻതള്ളുന്നു.

## നഷ്ടമായ രേഖകൾ

വെള്ളം കയറിയത് അപ്രതീക്ഷിതവും ക്രമാതീതവുമായതിനാൽ പലർക്കും ചില രേഖകൾ നഷ്ടമായിട്ടുണ്ട്. ആധാർ കാർഡ്, വോട്ടർ ഐ.ഡി എന്നിവയാണ് നഷ്ടപ്പെട്ട രേഖകളിൽ ഉൾപ്പെടുന്നത്. വലിയ നാശനഷ്ടങ്ങൾക്കിടയിൽ നഷ്ടപ്പെട്ട രേഖകൾ തിരിച്ചെടുക്കാനുള്ള വഴികളെപ്പറ്റിയൊന്നും അവർക്ക് ധാരണയില്ല.

## ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം

നിലവിലെ അവരുടെ സാമ്പത്തിക സ്ഥിതിയും അവരുൾപ്പെടുന്ന സാമൂഹിക – മത വിഭാഗവും തമ്മിൽ വലിയൊരു വൈരുദ്ധ്യം കാണാൻ സാധിക്കുന്നു. എല്ലാവരും BPL വിഭാഗക്കാരും പുറമ്പോക്ക് ഭൂമിയിൽ ജീവിക്കുന്നവരുമാണ്. എങ്കിലും മതവിഭാഗത്തിൽ ക്രിസ്ത്യൻ ജനറൽ ഉൾപ്പെടുന്നതിനാൽ അവർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നു. ആനുകൂല്യങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങളുടെ അഭാവം അവരെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ നിന്നും അവരെ പിൻതള്ളുന്നു. വിവര ലഭ്യതയുടെ അഭാവം (Information Deficiency) ഇവരെ കൂടുതൽ ദുരിതത്തിലാഴ്ത്തുന്നു. കാര്യക്ഷമമായ ഔദ്യോഗിക ഇടംപെടൽ, കാര്യനിർദ്ദേശമോ ലഭിക്കുന്നതിന്റെ ആവശ്യകതയുണ്ട്.

## ഗാർഹിക ഉപഭോഗ വസ്തുക്കളുടെ നഷ്ടം

ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഇസ്തിരിപ്പെട്ടി, ടേബിൾ ഫാൻ, ഗ്യാസ് സ്റ്റൗ, സീലിംങ് ഫാൻ, ഇൻഡക്ഷൻ കുക്കർ, ഫോൺ, കിടക്ക, സോഫ, കട്ടിൽ, അടുക്കള, പാത്രങ്ങൾ, ലാപ്ടോപ്, തയ്യിൽ മെഷീൻ, ടി.വി. സ്റ്റാന്റ്, മേശ, പ്ലൈവുഡ്, കൂളർ, വസ്ത്രങ്ങൾ, സ്കൂട്ടർ, സെറ്റ് ഓഫ് ബോക്സ്, വാഷിംങ് മെഷീൻ എന്നിവയാണ് നഷ്ടപ്പെട്ട ഗൃഹോപകരണങ്ങളിൽ ഉൾപ്പെടുന്നത്. നിലവിൽ ഇവർക്ക് നഷ്ടമായ ഗാർഹിക ഉപകരണങ്ങളുടെ മൂല്യം കണക്കാക്കാനായി രണ്ട് മാർഗ്ഗങ്ങളാണ് നിലവിലുള്ളത്.

a) സാധന സാമഗ്രികളുടെ നിലവിലെ വില അടിസ്ഥാനമാക്കിയുള്ള നഷ്ടം നിർണയിക്കൽ

b) നിലവിൽ നഷ്ടമായ വസ്തുകളുടെ കാലപ്പഴക്കം പരിഗണിച്ച് നഷ്ടം കണക്കാക്കൽ

ഈ രണ്ട് മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിലൂടെ നഷ്ടപ്പെട്ട ഈടുനിൽക്കുന്ന ഗാർഹിക ഉപകരണങ്ങളുടെ യദാർത്ഥ മൂല്യം കണക്കാക്കൻ സാധിക്കുന്നു. )വസ്തുക്കളുടെ വിലയുടെ ഏകദേശം വിലയാണ് ഇവിടെ ചേർക്കുന്നത്)

| Sl No | നഷ്ടമായ പഭോഗ | എണ്ണം | നിലവിലെ വില (വില x എണ്ണം) | | കാലപ്പഴക്കം പരിഗണിച്ചുള്ള വില വില x എണ്ണം |
|---|---|---|---|---|---|
| I | **ഇലക്ട്രോണിക്സ് ഉപകരണങ്ങൾ** | | | | |
| 1. | ടെലിവിഷൻ | 9 | 18,000 | 1,62,000 | 15,000 |
| 2. | ഫ്രിഡ്ജ് | 7 | 16,000 | 1,12,000 | 43,500 |
| 3 | മിക്സി | 8 | 4,000 | 32,000 | 8250 |
| 4. | അയൺ ബോക്സ് | 4 | 2000 | 8000 | 1500 |
| 5. | ടേബിൾ ഫാൻ | 3 | 3500 | 10500 | 1300 |
| 6. | സീലിങ്ങ് ഫാൻ | 1 | 3000 | 3000 | 500 |
| 7. | ഇൻഡക്ഷൻ കുക്കർ | 1 | 3000 | 3000 | 250 |
| 8. | ഫോൺ | 1 | 10000 | 10000 | 500 |
| 9. | ലാപ്ടോപ് | 1 | 29000 | 29000 | 15000 |

| | | | | | |
|---|---|---|---|---|---|
| 10. | വാഷിംഗ് മെഷീൻ | 1 | 15000 | 15000 | 8000 |
| 11. | കൂളർ | 1 | 6000 | 6000 | 1500 |
| 12. | സെറ്റ്ഓഫ്ബോക്സ് | 1 | 2000 | 2000 | 1800 |
| 13. | വയറിംഗ് അനുബന്ധ വസ്തുക്കൾ (സെറ്റ്) | 14 | | | |
| II | **ഫർണിച്ചർ** | | | | |
| 14. | കിടക്ക | 15 | 3000 | 45000 | 1200 |
| 15. | കട്ടിൽ | 12 | 5000 | 60000 | 10000 |
| 16. | ടി.വി.സ്റ്റാന്റ് | 1 | 3000 | 3000 | 750 |
| 17. | മേശ | 3 | 3000 | 9000 | 6000 |
| 18. | അലമാര | 3 | 7000 | 21000 | 5000 |
| 19. | പ്ലൈവുഡ് | 1 | 2000 | 2000 | 100 |
| III | **വാഹനങ്ങൾ** | | | | |
| 20. | സ്കൂട്ടർ | 1 | 55000 | 55000 | 15000 |
| IV | **മറ്റുള്ളവ** | | | | |
| 21. | വസ്ത്രങ്ങൾ | 14 | 15000 | 2,10,000 | 7500 |
| 22. | തയ്യൽ മെഷീൻ | 1 | 5000 | 5000 | 1500 |
| 23. | പാത്രങ്ങൾ | 14 | 20000 | 2,80,000 | 5000 |
| 24. | ഗ്യാസ് സ്റ്റൗ | 1 | 3000 | 3000 | 400 |
| 25. | നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളിലെ വരുമാനം (സ്ത്രീകൾ, പുരുഷന്മാർ) | 20,000 | | | |
| | ആകെ | 118 | 13,65,500 | 1,57,550 | |

## നഷ്ടമായ ഗൃഹോപകരണങ്ങളുടെ മൂല്യം (നിലവിലെ വിലയിൽ)

14 വീടുകളിൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ അവർക്കു നഷ്ട മായ ഗൃഹോപകരണങ്ങളെ 4 ആയി തരംതിരിച്ചു (24 ഇനങ്ങൾ)

1. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ
2. ഫർണിച്ചർ

3. വാഹനങ്ങൾ
4. മറ്റുള്ളവ

നഷ്ടപ്പെട്ടവയിൽ കൂടുതലും ഇലക്ട്രോണിക്സ് ഉപകരണങ്ങളാണ്. ആകെ നഷ്ടത്തിന്റെ 60% ഉം ഇലക്ട്രോണിക്സ് ഉപകരണങ്ങളാണ്. വൈദ്യുതി വയറിംഗ് പൂർണമായും തകർക്കുന്നതിനാൽ ഈ ജനങ്ങളുടെ പുനരുദ്ധാരണം കൂടുതൽ ചെലവ് ഉണ്ടാകും. നഷ്ടപ്പെട്ടവയിൽ 2.3% ഫർണിച്ചർ ഇനങ്ങളാണ്. 1.4% വാഹന നഷ്ടവും വസ്ത്രങ്ങൾ, തയ്യൽ മെഷീൻ, പാത്രങ്ങൾ, ഗ്യാസ് സ്റ്റൗ തുടങ്ങിയവയടങ്ങുന്ന മറ്റുള്ളവ 3.5% ആണ്. ആകെ 14 വീടിനും ചേർത്ത് 13,65,500 ശരാശരി മേൽപ്പറഞ്ഞ ഗൃഹോപകരണങ്ങൾ വീടൊന്നിന് 97,535 രൂപയും ആവശ്യമാണ്. നിലവിലെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ ഈ ഇനങ്ങൾ വാങ്ങാനുള്ള പണം .....

## നിർദ്ദേശങ്ങൾ

### പുനരധിവാസം

കടവാരം നിവാസികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് പുനരധിവാസമാണ്. സർക്കാർ നിർദ്ദേശിച്ച സ്ഥലം അവർക്ക് അംഗീകരിയ്ക്കാൻ സാധിയ്ക്കാത്തതിനാൽ, ഉടൻ തന്നെ യാത്രാ സൗകര്യവും, താമസ യോജ്യവുമായ ഭൂമിയിലേയ്ക്ക് അവരെ പുനരധിവസിപ്പിയ്ക്കുക. അല്ലാത്ത പക്ഷം, വീടിന്റെ നാശം പരിഗണിച്ച് ആവശ്യമായ തുക നൽകുകയോ വീട് പുനർ നിർമ്മിച്ച് നൽകുകയോ ചെയ്യുക.

### കുടിവെള്ളം

നിലവിലെ കുടിവെള്ള കുടിവെള്ള സ്രോതസ്സ് (കോർപ്പറേഷൻ പൈപ്പ് ലൈൻ) ഉപയോഗ ശൂന്യമായതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തുക.

### ശൗചാലയം

പ്രളയത്തിന്റെ അനന്തരഫലമായ ഉപയോഗിയ്ക്കാൻ പറ്റാത്ത വിധത്തിൽ ഭൂരിഭാഗത്തിലേറെ വീടുകളിലേയും ശൗചാലയം ഉപയോഗശൂന്യമായിതനാൽ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക.

### മറ്റു നഷ്ടങ്ങൾ

ഗൃഹോപകരണങ്ങൾ, വസ്ത്രങ്ങൾ, അവശ്യ ഭക്ഷ്യ വസ്തുക്കൾ എന്നിവ എത്തിയ്ക്കുക.

സമർപ്പണം : ജോൺ മത്തായി ഗവേഷണ കേന്ദ്രം

തയ്യാറാക്കിയത് : M.Phil വിദ്യാർത്ഥികൾ 2018

## കടവാരം പുറമ്പോക്ക് ഭൂമിയിലെ വെള്ളപ്പൊക്ക ആഘാത പഠനം.

### സംഗ്രഹം

ഡോക്ടർ ജോൺ മത്തായി കേന്ദ്രത്തിലെ സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും, അധ്യാപകരും ഗവേഷണ വിദ്യാർത്ഥികളും നടത്തിയ വെള്ളപ്പൊക്ക ആഘാത പഠനത്തിന്റെ സംക്ഷിപ്ത്ം.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയ്ക്കുള്ളിൽ വരുന്ന 50-ാം വാർഡിൽ ഉൾപ്പെടുന്ന 14 വീടുകളാണ് സർവ്വേ ചെയ്തത്. പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ സഹായത്തോടെ വീടുൾപ്പെടെയുള്ള സ്വത്ത് വകകളുടെ നാശനഷ്ടത്തിന്റെ മൂല്യം കണക്കാക്കി ഭൂരിഭാഗം വീടുകളും നിർമ്മിച്ചിരിയ്ക്കുന്നത് ചെങ്കല്ലിന്റെ തറയാലും, മട്ടിക്കല്ലിന്റെ ചുമരിനാലും, ഷീറ്റ്, ഓട്, കോൺക്രീറ്റ് തുടങ്ങിയ മേൽക്കൂര കൊണ്ടുമാണ്. 14 വീടുകളിൽ ഒരു കോൺക്രീറ്റ് വീടൊഴിച്ചാൽ ബാക്കി വരുന്നവയെല്ലാം തീരെ കെട്ടുറപ്പില്ലാത്തതാണ്. ശരാശരി രണ്ട് മുറികളും അടുക്കളയും അടങ്ങുന്ന ഈ വീടുകളിൽ ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 4 ആണ്. രണ്ട് വീടൊഴികെ മറ്റെല്ലാ വീടുകളും കൃത്യമായി വേർതിരിയ്ക്കപ്പെട്ടിട്ടില്ല. മിക്ക വീടുകൾക്കും പൊതുവായി ഉള്ള ചുമരുകളാണ് കാണാൻ കഴിഞ്ഞത്. പല വീടുകളിലും, മുറികൾ വേർതിരിച്ചിട്ടുള്ളത് പ്ലൈവുഡുകൾ ഉപയോഗിച്ചാണ്. ചുമരുകൾ മണ്ണ് കൊണ്ട് തേച്ചതും ഭാഗികമായി പെയിന്റ് പൂശിയതുമാണ്. തികച്ചും റോഡിനോട് ചേർന്നാണ് വീട് സ്ഥിതി ചെയ്യുന്നത് എന്നുള്ളതിനാൽ മുറ്റം റോഡ് തന്നെയാണ് വീടിന്റെ ഉടമസ്ഥത എല്ലാവർക്കും സ്വന്തമാണെങ്കിലും ഭൂമിയ്ക്ക് പട്ടയമോ, കൈവശാവകാശ രേഖയോ ഇല്ല. 100 മീറ്റർ ചുറ്റളവിൽ 14 വീടുകളിൽ ആകെ 51 പേർ ജീവിയ്ക്കുന്നുണ്ട്. അതിൽ 8 പേർ കുട്ടികളും 10 പേർ തൊഴിൽ സേനയിൽ ഉൾപ്പെട്ടവരും 21 പേർ സ്ത്രീകളുമാണ്. നിലവിൽ കടവാരം നിവാസികൾക്ക് നഷ്ടമായ വീടുൾപ്പെടെയുള്ള ഗാർഹിക ഉപകരണങ്ങളുടെ മൂല്യം കണക്കാക്കാനായി രണ്ട് മാർഗ്ഗങ്ങൾ സ്വീകരിച്ചു. 1. നിലവിലെ നഷ്ടപ്പെട്ട വസ്തുക്കളുടെ കാലപ്പഴക്കം പരിഗണിച്ച് മൂല്യം കണക്കാക്കൽ. 2. നഷ്ടപ്പെട്ട വസ്തുക്കളുടെ ഇപ്പോഴത്തെ വാങ്ങൽ വിലയിൽ മൂല്യം കണക്കാക്കൽ. വീടുൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ സാമ്പത്തിക ബാധ്യത 35,03900/-

രൂപയും ശരാശരി ഒരു വീടിന് 2,50,278/- രൂപയുമാണ് ഇതിൽ ഉപഭോഗ വസ്തുക്കൾക്ക് (ഇലക്ട്രോണിക്സ്, ഫർണിച്ചർ, വാഹനങ്ങൾ, മറ്റുള്ളവ) 13,65,500/- രൂപയും, വീട് പുനർനിർമ്മാണത്തിന് (പൂർണ്ണമായും, ഭാഗികമായും തകർന്നവ) 18,00,000/- രൂപയും, കുടിവെള്ളത്തിന് 29,400/- രൂപയും, പുസ്തകങ്ങൾക്ക് 1000/- രൂപയും, ശൗചാലയ നിർമ്മാണത്തിന് 2,80,000/- രൂപയും ആവശ്യ പലചരക്കുകൾക്ക് 28,000/- രൂപയും ആണ്.

രണ്ട് വീടുകൾ പൂർണ്ണമായി തകരുകയും, ബാക്കിയുള്ള 12 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. (തറ വിണ്ടിരിയ്ക്കുന്നു, തറയ്ക്കടിയിൽ നിന്നും മണ്ണ് ഒലിച്ചുപോയിരിയ്ക്കുന്നു. മേൽക്കൂര തകർന്നിരിയ്ക്കുന്നു. ചുമർ വിണ്ടിരയ്ക്കുന്നു.) നിലവിലെ വിലയിൽ ഗൃഹോപകരണങ്ങൾക്കായി മാത്രം ആകെ 13,65,500/- രൂപയും വീടൊന്നിന് 97,535/- രൂപയും ആണ് സാമ്പത്തിക ബാധ്യത. നഷ്ടപ്പെട്ട ഗൃഹോപകരണങ്ങളുടെ മൂല്യം കാലപ്പഴക്കം പരിഗണിച്ച് കണക്കാക്കിയാൽ ആകെ 1,57,550 രൂപയുടെയും കുടുംബം ഒന്നിന് 11,253/- രൂപയുടെ സാമ്പത്തിക ബാധ്യതയാണ് ഉണ്ടായത് (ഗൃഹോപകരണങ്ങളുടെ കാലപ്പഴക്കം കൂടിയതിനാലാണ് ഇത്തരം ഒരു മൂല്യം കണക്കാക്കിയത്.

നഷ്ടപ്പെട്ടവയിൽ 60% ഇലക്ട്രോണിക്സ് ഉപകരണങ്ങളും 2.3% ഫർണിച്ചർ ഇനങ്ങളും 1.4% വാഹനനഷ്ടവും വസ്ത്രങ്ങൾ, തയ്യൽ മെഷീൻ, പാത്രങ്ങൾ, ഗ്യാസ് സ്റ്റൗ തുടങ്ങിയവ അടങ്ങുന്ന മറ്റുള്ളവ 3.5% ആണ്.

**നിർദ്ദേശങ്ങൾ**

* വീടിന്റെ നാശം പരിഗണിച്ച് ആവശ്യമായ തുക നൽകുകയോ, വീട് പുനർനിർമ്മിച്ച് നൽകുകയോ ചെയ്യുക.
* നിലവിലെ കുടിവെള്ള സ്രോതസ്സ് ഉപയോഗ ശൂന്യമായതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തുക.
* ശൗചാലയത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
* അവശ്യ വീട്ടുപകരണങ്ങളും, വസ്ത്രങ്ങളും, പല വ്യജ്ഞനങ്ങളും എത്തിയ്ക്കുക.
* വെള്ളപ്പൊക്കത്തിന്റെ ഫലമായി ഖര-മാലിന്യ വസ്തുക്കളുടെ സംസ്കരണത്തിനായുള്ള നടപടികൾ എടുക്കുക.
* പകർച്ച വ്യാധികൾക്കെതിരെ കൃത്യമായ മുൻകരുതലുകൾ എടുക്കുക.

## നഷ്ടപ്പെട്ട ഗൃഹോപകരണങ്ങളുടെ മൂല്യം (കാലപ്പഴക്കം പരിഗണിച്ചാൽ)

നഷ്ടപ്പെട്ട മേൽപ്പറഞ്ഞ ജനങ്ങളുടെ മൂല്യം കാലപ്പഴക്കം പരിഗണിച്ച് കണക്കാക്കിയാൽ ആകെ 1,57,550/- രൂപയുടെ നഷ്ടം ഇവർക്ക് വന്നിട്ടുണ്ട്. ഓരോ കുടുംബത്തിന്റേയും ശരാശരി നഷ്ടം കണക്കാക്കിയാൽ 11,253/- രൂപയുമാണെന്ന് കണക്കാക്കാം. നിലവിലെ ഇനങ്ങൾക്ക് കാലപ്പഴക്കം കൂടിയതിനാലാണ് ഇത്തരമൊരു മൂല്യം കണക്കാക്കിയത്.

വീടിന്റെ പുനഃരുദ്ധാരണം

പൂർണമായും തകർന്നവ : പൂർണമായും തകർന്ന 2 വീടുകളാണ് ഇവിടെ ദർശിക്കാനായത്. അവയുടെ നില വളരെ പരിതാപകരമാണ്. അവരുടെ പുനഃരുദ്ധാരണത്തിന്റെ മൂല്യം കണക്കാക്കിയാൽ ഒരു വീടിന് 3 ലക്ഷം രൂപയോളം വേണ്ടിവരുന്നു. ഈ തുകയിൽ അത്യാവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുന്നു. ആകെ 6 ലക്ഷം രൂപ രണ്ട് വീടുകൾക്കായി വേണം.

## ഭാഗികമായി തകർന്നവർ

ഭാഗികമായി തകർന്നവയെ താഴെ പറയുന്നവയായി തരം തിരിക്കാം.

* ചുമർ വിള്ളൽ
* തറ വിളളൽ
* തറക്കടിയിലെ മണ്ണൊലിക്കൽ
* തറയിരിക്കരം
* വീട് ചെരിയൽ
* മേൽക്കൂര നശിക്കൽ

മേൽ പറഞ്ഞ നാശനഷ്ടങ്ങൾ പരിഗണിച്ചാൽ അവരുടെ പുനർ നിർമ്മാണത്തിനായി ഓരോ വീടുകൾക്കും 1 ലക്ഷം വരെ വേണ്ടിവരും. ആകെ 12 ലക്ഷം ഭാഗിമായി തകർന്ന വീടുകൾക്ക് വരുന്നു.

## മൊത്തം സാമ്പത്തിക ബാധ്യത

1. ഉപഭോഗ വസ്തുക്കൾ - 13,65,500
   (I, II, III, IV)
2. വീട് പുനർനിർമ്മാണം - 18,00,000
   (പൂർണ്ണമായും/ഭാഗികമായി തകർന്നവ)

3. കുടിവെള്ളം - 29,400
4. പുസ്തകങ്ങൾ - 1000
5. ശൗചാലയം - 2,80,000
6. അവശ്യ പലചരക്കുകൾ - 28,000

നിലവിലെ ഒരു കോലോ മീറ്ററിന് താഴെയുള്ള കടവാരത്തിലെ 14 വീടുകൾക്ക് പ്രളയം സമ്മാനിച്ച സാമ്പത്തിക ബാധ്ത 35,03,900 രൂപയാണ്. ശരാശരി ഒരു വീടിന് 2,50,278/- രൂപ ആവശ്യമാണെന്ന് വിശകലനത്തിൽ എത്തിച്ചേരുന്നു.

നിഗമനം

ഏകദേശം 4200 ചതുരശ്ര മീറ്റർ അടിയിൽ നിലകൊള്ളുന്ന തൃശ്ശൂർ കോർപ്പറേഷനു കീഴിൽ വരുന്ന കടവാരം പുറമ്പോക്ക് പ്രദേശം പുനഃരുദ്ധാരണത്തിനായി 35 ലക്ഷത്തിലധികം രൂപ ചെലവാക്കേണ്ടിവരുന്നു. ഈ സാമ്പത്തിക ബാധ്യത നികത്താൻ സർക്കാരിന്റെ സഹായം ഇവർക്ക് അത്യന്താപേക്ഷിതമാണ്. മേൽപ്പറഞ്ഞ ഇവരുടെ സാമ്പത്തിക സാമൂഹികസ്ഥിതി വിലയിരുത്തിയാൽ ഇവിടെ ഗവൺമെന്റിന്റെ ഇടപെടൽ അത്യാവശ്യമാണെന്ന് വിളിച്ചോതുന്നു.

**നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ**

98% പേരും ദിവസവേതനം അടിസ്ഥാനമാക്കിയാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് ഒരു ദിവസത്തെ ജോലി നഷ്ടം ഇവരുടെ വരുമാനത്തെ വല്ലാതെ കുറക്കുന്നു. 5 ദിവസം ജോലിക്ക് പോകാൻ കഴിയാത്തതിനാൽ ദിവസവേതനം അടിസ്ഥാനത്തിൽ ഈ പ്രദേശത്തെ 14 വീടുകൾക്കും ആകെ

ജോലിക്ക് പോകുന്ന 13 പുരുഷന്മാരും 6 സ്ത്രീകളും ആണ്. പുരുഷന്മാർക്ക് ഒരാൾക്ക് ശരാശരി 800/- ഉം സ്ത്രീകൾക്ക് ഒരാൾക്ക് ശരാശരി 600/- രൂപ ഒരു ദിവസം ലഭിക്കുന്നതിനാൽ ആകെ 128 തൊഴിൽ മണിക്കൂർ നഷ്ടമായിട്ടുണ്ട്. നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്കനുസൃതമായ നഷ്ടപ്പെട്ട വരുമാനം 20,000/- രൂപയും ആണ്.